സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

# പീപ്പിൾസ് റിവ്യൂ
Estd : 2007
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2023 ജൂൺ 13 ചൊവ്വ ptnizar@rediffmail.com 9037319971 www.peoplesreview.co.in

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ


മണിപ്പൂരിലെ ഒരു റിലീഫ് കേന്ദ്രത്തിൽ നിന്നുള്ള കാഴ്ച

## മണിപ്പൂർ സംഘർഷം: 349 ദുരിതാശ്വാസ ക്യാംപുകൾ, 50,000 പേരെ മാറ്റിപ്പാർപ്പിച്ചു

ഇംഫാൽ: കലാപത്തെ തുടർന്ന് നൂറുകണക്കിന് ആളുകൾക്ക് വീടുകൾ നഷ്ടപ്പെടുകയും 50,000 ലധികം ആളുകളെ മാറ്റിപ്പാർപ്പിക്കുകയും ചെയ്തു. 349 ഓളം ദുരിതാശ്വാസ ക്യാംപുകൾ തുറന്നിട്ടുണ്ടെന്നും ദുരിതബാധിതർക്ക് എല്ലാവിധ പിന്തുണയും നൽകുമെന്ന് മുഖ്യമന്ത്രി എൻ. ബിരേൻ സിങ് പറഞ്ഞു.

വീടുകളിൽ നിന്ന് മാറ്റിപ്പാർപ്പിച്ചവരെല്ലാം ഇപ്പോൾ ക്യാംപുകളിലാണ്. ഇവരിൽ പലർക്കും ആധാർ ഉൾപ്പെടെയുള്ള രേഖകളെല്ലാം നഷ്ടപ്പെട്ടു. കേന്ദ്ര-സംസ്ഥാന ഗുണഭോക്തൃ പദ്ധതികളിൽ ഭൂരിഭാഗവും ആധാറുമായി ബന്ധിപ്പിച്ചിരിക്കുന്നതിനാൽ, ആധാർ കാർഡുകൾ പുനർവിതരണം ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ ഉണ്ടാക്കാൻ തിങ്കളാഴ്ച സംസ്ഥാന സർക്കാർ നിർദേശം നൽകി. ആധാർ ലഭിക്കുന്നതിനുള്ള ക്രമീകരണങ്ങൾ സർക്കാർ ക്യാമ്പുകളിൽ തന്നെ ഒരുക്കുമെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി.വിദ്യാർഥികൾക്ക് പഠനത്തിനുള്ള ക്രമീകരണങ്ങൾ, ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവർക്ക് വീടുകൾ തുടങ്ങി നിരവധി വാഗ്ദാനങ്ങളാണ് കഴിഞ്ഞ ദിവസം മുഖ്യമന്ത്രി പ്രഖ്യാപിച്ചത്."അക്രമം മൂലം കുടിയിറക്കപ്പെട്ടവർക്കായി ഏകദേശം 4000 വീടുകൾ നിർമിക്കാനാണ് പദ്ധതി. ബ്ലൂ പ്രിന്റിന് അന്തിമ രൂപമായിട്ടില്ല. രണ്ട് മുറികളുള്ള വീട് നിർമിക്കാനാണ് നിലവിൽ പദ്ധതിയിടുന്നത്"-മുഖ്യമന്ത്രി പറഞ്ഞു. അക്രമം തുടരുന്ന സാഹചര്യത്തിൽ കുട്ടികളുടെ വിദ്യാഭ്യാസം പുനഃസ്ഥാപിക്കാനുള്ള എല്ലാ നടപടികളും സ്വീകരിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. ചുരാചന്ദ്പൂരിൽ നിന്ന് കുടിയിറക്കപ്പെട്ടവരെയും ഇംഫാലിലെ ക്യാമ്പുകളിൽ കഴിയുന്നവരെയും ഇംഫാലിലെ സ്കൂളുകളിലേക്കും കോളേജുകളിലേക്കും അയയ്ക്കാനുള്ള ക്രമീകരണങ്ങൾ ചെയ്തുവരികയാണെന്നും മുഖ്യമന്ത്രി അറിയിച്ചു.അതേസമയം സംസ്ഥാനത്തെ സംഘർഷ സാഹചര്യം കണക്കിലെടുത്ത് മണിപ്പൂർ സർക്കാർ സംസ്ഥാനത്ത് ഇന്റർനെറ്റ് നിരോധനം ജൂൺ 15 വരെ നീട്ടിയിരുന്നു. അക്രമം നിയന്ത്രിക്കാൻ കേന്ദ്ര സർക്കാർ വിന്യസിച്ച അർദ്ധസൈനിക സേനയുടെ സാന്നിധ്യവും സംസ്ഥാനത്തുണ്ട്.

## `തമിഴരെ ആദ്യം അംഗീകരിക്കൂ, എന്നിട്ട് മതി തമിഴനെ പ്രധാനമന്ത്രിയാക്കൽ'

## അമിത് ഷാക്കെതിരേ കനിമൊഴി



ചെന്നൈ: തമിഴൻ പ്രധാനമന്ത്രിയാകുന്നത് ഡി.എം.കെ മുടക്കിയെന്ന കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ വാദത്തെ തള്ളി കനിമൊഴി എം.പി. ചരിത്രം വളച്ചൊടിക്കുന്നതിലും വ്യാജ പ്രചാരണത്തിലും ബി.ജെ.പി മിടുക്കരാണ്. തമിഴൻ പ്രധാനമന്ത്രിയാകുന്നത് ഡി.എം.കെ മുടക്കിയെന്ന വാദം തെറ്റാണെന്നും ഒരു തമിഴന്റെയും വഴി മുടക്കുന്നവരല്ല ഡി.എം.കെയെന്നും കനിമൊഴി പറഞ്ഞു. തമിഴരെ അംഗീകരിക്കുകയാണ് ബി.ജെ.പി ആദ്യം ചെയ്യേണ്ടത്. തമിഴ് ഔദ്യോഗിക ഭാഷയാക്കണമെന്ന ആവശ്യം അംഗീകരിക്കണം. മെഡിക്കൽ വിദ്യാഭ്യാസത്തിന് അവസരവും നികുതി വിഹിതവും ഉറപ്പാക്കൂ. എന്നിട്ട് മതി, തമിഴനെ പ്രധാനമന്ത്രി ആക്കുമെന്ന പ്രഖ്യാപനമെന്നും കനിമൊഴി കൂട്ടിച്ചേർത്തു.പാർട്ടി പ്രവർത്തകരുമായി അടച്ചിട്ട മുറിയിൽ നടത്തിയ രഹസ്യചർച്ചയിൽ തമിഴ്നാട്ടിൽനിന്നുള്ള മുതിർന്ന നേതാക്കളായ കെ.കാമരാജിനെയും ജി.കെ.മൂപ്പനാറിനെയും പ്രധാനമന്ത്രിയാകുന്നതിൽ നിന്ന് ഡി.എം.കെ തടഞ്ഞുവെന്ന് അമിത് ഷാ കഴിഞ്ഞ ദിവസം ആരോപിച്ചിരുന്നു. ഇതിനെതിരേ തമിഴ്നാട് മുഖ്യമന്ത്രി എം.കെ സ്റ്റാലിനും പ്രതികരണവുമായി രംഗത്തെത്തിയിരുന്നു.'ബി.ജെ.പി നേതാവിന് പ്രധാനമന്ത്രി നരേന്ദ്ര മോദിയോട് എന്തിനാണു ദേഷ്യമെന്നാണ്' അമിത് ഷായോട് എം.കെ സ്റ്റാലിന്റെ ചോദ്യം. 'അമിത് ഷായുടെ നിർദേശം ഞാൻ സ്വാഗതം ചെയ്യുന്നു. പക്ഷേ നരേന്ദ്ര മോദിയോടുള്ള അദ്ദേഹത്തിന്റെ ദേഷ്യം എന്താണെന്ന് എനിക്കറിയില്ലെന്ന്' സ്റ്റാലിൻ പരിഹസിച്ചു. തമിഴ്നാട്ടിൽ നിന്നൊരാൾ പ്രധാനമന്ത്രിയാകണം എന്ന ആശയം ബി.ജെ.പിക്കുണ്ടെങ്കിൽ, തെലങ്കാന ഗവർണറായ തമിഴിസൈ സൗന്ദരരാജനും കേന്ദ്രമന്ത്രി എൽ. മുരുകനും ഉണ്ട്. അവർക്കു പ്രധാനമന്ത്രിയാകാനുള്ള അവസരം ലഭിക്കുമെന്നാണ് ഞാൻ കരുതുന്നത്- സ്റ്റാലിൻ പറഞ്ഞു.അമിത്ഷായുടെ അവകാശവാദം നിരാകരിച്ച എം.കെ.സ്റ്റാലിൻ, പ്രസ്താവന പരസ്യമാക്കാൻ അമിത് ഷായെ വെല്ലുവിളിച്ചു. തമിഴ്നാടിനെ കേന്ദ്രം തഴയുകയാണ്, വികസന പദ്ധതികൾക്ക് പണം അനുവദിക്കേണ്ടത് കേന്ദ്ര സർക്കാരിന്റെ ഭരണഘടനാപരമായ കടമയാണെന്നും സ്റ്റാലിൻ പറഞ്ഞിരുന്നു.



## ബിപോർജോയ് ഭീതിയിൽ ഗുജറാത്ത്; 67 ട്രെയിനുകൾ റദ്ദാക്കി, പതിനായിരത്തോളം പേരെ മാറ്റിപ്പാർപ്പിച്ചു

അഹമ്മദാബാദ്: ബിപോർജോയ് ഭീതിയിൽ ഗുജറാത്ത്. ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ച സൗരാഷ്ട്ര, കച്ച് മേഖലയിലെ പതിനായിരത്തോളം പേരെ താൽക്കാലികമായി മാറ്റിപ്പാർപ്പിച്ചു. ആളുകൾ പരമാവധി വീടുകളിൽ കഴിയണമെന്നാണ് നിർദേശം. ബിപോർജോയ് ചുഴലിക്കാറ്റ് രൂക്ഷമായതിനെ തുടർന്ന് ഇന്ത്യൻ കോസ്റ്റ് ഗാർഡ് വിദേശ പൗരന്മാരെ ഒഴിപ്പിച്ചു. ഗുജറാത്ത് തീരത്തെ കീ സിംഗപ്പൂർ റിഗ്ഗിൽ നിന്നാണ് ഒഴിപ്പിക്കൽ നടന്നത്.

വിദേശികൾ ഉൾപ്പെടെ അൻപത് പേരെ കരയ്ക്ക് എത്തിച്ചു. അടുത്ത രണ്ട് ദിവസത്തേക്ക് ഗുജറാത്തിൽ നിന്നുള്ള 67 ട്രെയിനുകൾ റദ്ദാക്കി. കച്ച്, ജുനാഗഡ്, പോർബന്ധർ, ദ്വാരക എന്നിവടങ്ങളിൽ കടൽക്ഷോഭം രൂക്ഷമാണ്. ബിപോർജോയ് അതിശക്തമായ ചുഴലിക്കാറ്റായി ശക്തി പ്രാപിച്ചുവെന്നും ഗുജറാത്ത് പാകിസ്താൻ തീരത്തേക്ക് നീങ്ങുന്നുവെന്നും കാലാവസ്ഥ വിഭാഗം അറിയിച്ചിട്ടുണ്ട്. 14ന് രാവിലെ വരെ വടക്കുദിശയിയിൽ സഞ്ചരിച്ച് തുടർന്ന് ദിശ മാറി സൗരാഷ്ട്ര ആൻഡ് കച്ച് അതിനോട് ചേർന്നുള്ള പാകിസ്താൻ തീരത്ത്, മണ്ഡവി ( ഗുജറാത്ത് ) ക്കും കറാച്ചിക്കും ഇടയിൽ 15ന് പരമാവധി 150 കി.മീ വേഗതയിൽ കരയിൽ പ്രവേശിക്കാൻ സാധ്യതയുണ്ടെന്നാണ് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചിട്ടുള്ളത്. കേന്ദ്രസംസ്ഥാന ദുരന്തനിവാരണ സേനകൾ, കരവ്യോമനാവിക സേനകൾ എന്നിവ അടിയന്തര സാഹചര്യം നേരിടാൻ സജ്ജമാണ്. അതേസമയം, ബിപോർജോയ് ചുഴലിക്കാറ്റിന്റെ സ്വാധീന ഫലമായി കേരളത്തിലും മഴ ലഭിക്കും. പതിനഞ്ചിന് ചുഴലിക്കാറ്റ് കര തൊടും. കേരളത്തിലും ശക്തമായ മഴ തുടരുകയാണ്. സംസ്ഥാനത്ത് അഞ്ച് ജില്ലകളിൽ യെല്ലോ അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്.

## നഴ്സറി വിട്ടുമടങ്ങുന്നതിനിടെ കാറിടിച്ചു; നാല് വയസുകാരന് ദാരുണാന്ത്യം

കോട്ടയം: കോട്ടയത്ത് നാല് വയസുകാരൻ കാറിടിച്ച് മരിച്ചു. കാഞ്ഞിരപ്പള്ളി ആനക്കല്ലിലാണ് സംഭവം. ആനക്കല്ല് ഗവ.എൽ.പി സ്കൂളിലെ യു.കെ.ജി വിദ്യാർഥി ആനക്കല്ല് പുരയിടത്തിൽ ഹെവൻ രാജേഷ് (4) ആണ് മരിച്ചത്. വൈകീട്ട് നാല് മണിയോടെയാണ് അപകടമുണ്ടായത്.


ഹെവൻ

നഴ്സറി വിട്ട് വീട്ടിലേക്ക് പോവുകയായിരുന്നു ഹെവൻ. ആനക്കല്ല് തടിമില്ലിന് സമീപത്തുവെച്ച് റോഡ് മുറിച്ചു കടക്കുന്നതിനിടെ കുട്ടിയെ കാറിടിച്ച് തെറിപ്പിക്കുകയായിരുന്നുവെന്നാണ് വിവരം. തുടർന്ന് ആശുപത്രിയിൽ എത്തിച്ചുവെങ്കിലും രക്ഷിക്കാനായില്ല.


ജില്ലാ പോലിസ് കംപ്ലേയ്ന്റ് അതോറിറ്റി ചെയർമാൻ സതീഷ് ചന്ദ്രബാബു കലക്രേറ്റ് കോൺഫറൻസ് ഹാളിൽ നടത്തിയ സിറ്റിംഗ്

## ഒഡീഷ ട്രെയിൻ ദുരന്തം; അഞ്ച് പേരെ സി.ബി.ഐ കസ്റ്റഡിയിലെടുത്തു

ന്യൂഡൽഹി: ഒഡീഷയിലെ ബാലസോറിലെ ട്രെയിൻ ദുരന്തവുമായി ബന്ധപ്പെട്ട് അഞ്ച് പേരെ സി.ബി.ഐ കസ്റ്റഡിയിലെടുത്തു. ബഹനഗ ബസാർ അസിസ്റ്റന്റ് സ്റ്റേഷൻ മാസ്റ്റർ, ഗേറ്റ് മാൻ, സിഗ്നലിങ് ഓഫീസർ എന്നിവരടക്കം അഞ്ച് പേരാണ് കസ്റ്റഡിയിൽ ഉള്ളത്. ഒൻപത് റെയിൽവേ ഉദ്യോഗസ്ഥർ സി.ബി.ഐയുടെ നിരീക്ഷണത്തിലുണ്ടെന്നാണ് വിവരം. 100 ഓളം പേരെ സി.ബി.ഐ സംഘം ഇതിനോടകം ചോദ്യം ചെയ്തു. നിലവിൽ പത്തംഗ സി.ബി.ഐ സംഘം ബാലസോറിൽ തന്നെ തുടരുകയാണ്.

അന്വേഷണത്തിന്റെ ഭാഗമായി ബഹനഗ റെയിൽവേ സ്റ്റേഷൻ തൽക്കാലത്തേക്ക് സീൽ ചെയ്തിരിക്കുകയാണ്. ബാലസോർ ട്രെയിൻ അപകടത്തിന് പിന്നിൽ അട്ടിമറി എന്ന സംശയത്തെ തുടർന്നാണ്, റെയിൽവേ അന്വേഷണം സി.ബി.ഐയെ ഏൽപ്പിച്ചത്. എന്നാൽ പ്രാഥമിക അന്വേഷണത്തിന് ശേഷം സി.ബി.ഐ രജിസ്റ്റർ ചെയ്ത എഫ്.ഐ.ആറിൽ അട്ടിമറിയെ കുറിച്ച് പരാമർശിച്ചിരുന്നില്ല. ഐ.പി.സി ചട്ടം 337, 338, 304എ,



റെയിൽവേ ചട്ടം 153, 154, 175 എന്നിവ അനുസരിച്ചാണ് എഫ്.ഐ.ആർ ഇട്ടിരിക്കുന്നത്. മരണത്തിന് ഇടയാക്കിയ അശ്രദ്ധ അടക്കമുള്ള കുറ്റങ്ങൾ ചുമത്തിയാണ് കേസ്. അപകടം സംബന്ധിച്ച സംയുക്ത പരിശോധനാ റിപ്പോർട്ടിൽ മുതിർന്ന റെയിൽവേ എൻജിനീയർ വിയോജനക്കുറിപ്പ് നൽകിയിരുന്നു. സിഗ്നൽ തകരാറാണ് അപകടത്തിന് കാരണമെന്ന റിപ്പോർട്ടിലാണ് വിയോജിപ്പ്. സിഗ്നൽ തകരാറല്ല അപകടത്തിന് ഇടയാക്കിയതെന്നും കോറമാണ്ഡൽ എക്സ്പ്രസിന് ലൂപ്പ് ലൈനിലേക്കല്ല മെയിൻ ലൈനിലേക്കാണ് ഗ്രീൻ സിഗ്നൽ നൽകിയിരുന്നതെന്നും വിയോജനകുറിപ്പിൽ പറയുന്നു. ജൂൺ രണ്ടിനാണ് രാജ്യത്തെ നടുക്കിയ ട്രെയിൻ അപകടം നടന്നത്. അപകടത്തിൽ 288 പേർ മരിക്കുകയും 1100 ഓളം പേർക്ക് പരുക്കേൽക്കുകയും ചെയ്തു. അപകടം നടന്ന് 51 മണിക്കൂറിന് ശേഷം ഞായറാഴ്ച രാത്രി വൈകിയാണ് ട്രെയിൻ ഗതാഗതം പുനരാരംഭിച്ചത്.

സത്യാന്ന പ്രമദിതവ്യം
PEOPLE REVIEW

## തെരുവ് നായ്ക്കളെ നിയന്ത്രിക്കണം

അത്യന്തം വേദനാജനകമായ ഒരു വാർത്തയാണ് നമ്മൾ ഇന്നലെ ശ്രവിച്ചത്. ഭിന്നശേഷിക്കാരനായ പതിനൊന്ന് വയസുകാരനായ നിഹാൽ തെരുവ്നായ ആക്രമണത്തിൽ കൊല്ലപ്പെട്ടു. മുഴപ്പിലങ്ങാട് കെട്ടിനകം ബൈത്തുൽറഹ്മയിൽ നൗഷാദിന്റേയും നസീഫയുടേയും മകനാണ് നിഹാൽ. ഞായറാഴ്ച വൈകീട്ട് മുതലാണ് കുട്ടിയെ കാണാതായത്. ബന്ധുക്കളും നാട്ടുകാരും തിരച്ചിൽ നടത്തുകയും ഒടുവിൽ അബോധാവസ്ഥയിലായ കുട്ടിയെ കണ്ടെത്തുകയുമായിരുന്നു. ദേഹമാസകലം തെരുവ്നായ്ക്കൾ കടിച്ചിരുന്നു. ആശുപത്രിയിലെത്തിച്ചെങ്കിലും നിഹാൽ മരണപ്പെട്ടു. തെരുവ്നായ ശല്യം സംസ്ഥാനത്ത് രൂക്ഷമാണെന്ന് എല്ലാവർക്കുമറിയാം. തെരുവ് നായ്ക്കളെ വന്ധ്യംകരണത്തിന് വിധേയമാക്കുകയാണ് തെരുവ്നായ്ക്കൾ വർധിക്കാതിരിക്കാനുള്ള പോംവഴി.

ഈ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിലും അതൊന്നും വേണ്ടത്ര ഫലപ്രദമല്ല എന്നതാണ് വസ്തുത. രാത്രികാലങ്ങളിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന തെരുവ് നായകളാണ് ഏറ്റവും അപകടകരം. പകൽസമയത്ത് ഇവയെ കാണാറില്ല. അതുകൊണ്ടു തന്നെ ഇവയെ വന്ധ്യംകരണ നടപടിക്ക് വിധേയമാക്കാൻ കിട്ടാറുമില്ല. തെരുവ് നായകളുടെ ആക്രമണം ഭയന്ന് പലയിടങ്ങളിലും കുട്ടികൾക്കും മുതിർന്നവർക്കും വഴി നടക്കാൻപോലുമാകാത്ത അവസ്ഥയാണുള്ളത്. പലരും പ്രഭാതനടത്തംപോലും ഒഴിവാക്കിയിരിക്കുകയാണ്. തെരുവ്നായ്ക്കൾ വർധിക്കുന്നതിന് പലവിധ കാരണങ്ങളുണ്ടെങ്കിലും പൊതുഇടങ്ങളിൽ മാലിന്യം വലിച്ചെറിയുന്ന നമ്മുടെ മനോഭാവവും ഒരു ഘടകമാണ്. ഭക്ഷണാവശിഷ്ടങ്ങൾ രാത്രിയുടെ മറവിൽ ആരും കാണാതെ റോഡരികിലും ഒഴിഞ്ഞപറമ്പുകളിലും കൊണ്ടിടുന്നവരുടെ പ്രവർത്തികളും നെരുവ്നായ്ക്കളുടെ ശല്യം വർധിക്കുന്നതിന് കാരണമാകുന്നു. തെരുവ്നായകളെ കൊല്ലുന്ന ഒരു സമ്പ്രദായമായിരുന്നു മുൻപുണ്ടായിരുന്നത്. പതിറ്റാണ്ടുകൾക്ക് മുൻപ് ഇവയെ കെണിവച്ച് പിടിച്ച് ഇഞ്ചക്ഷൻ ചെയ്ത് കൊന്നിരുന്ന ഒരു കാലമുണ്ടായിരുന്നു.

എന്നാൽ മനുഷ്യജീവനുകളെക്കാൾ മൃഗസ്നേഹമുള്ളവർ കോടതികളിൽ പോയാണ് ഇത്തരം നടപടികൾക്കെതിരേ ഉത്തരവ് സമ്പാദിച്ചത്. സ്വന്തം ശരീരത്തോ, തങ്ങളുടെ പ്രയിപ്പെട്ടവർക്കോ തെരുവ്നായയുടെ കടിയേൽക്കുമ്പോഴേ ഇത്തരം മൃഗസ്നേഹികൾക്ക് മറ്റുള്ളവരുടെ വേദന മനസിലാകൂ. മകൻ നഷ്ടപ്പെട്ട മാതാപിതാക്കളുടേയും നടിന് നഷ്ടപ്പെട്ട ആ കൺമണിയുടേയും വിയോഗത്തിന് ആര് ഉത്തരം പറയും. വൻകിട പ്രോജക്ടുകളെക്കുറിച്ച് ഘോരഘോഷം പ്രഘോഷിക്കുന്ന ഭരണാധികാരികളും, ാചകകസർത്തുകൊണ്ട് മനുഷ്യജീവിതങ്ങൾക്ക് അലോസരമുണ്ടാക്കുന്നവരും പ്രാഥമികമായി ചെയ്യേണ്ടത് നാട്ടിൽ മുനഷ്യർക്ക് സൈ്വര്യവും സമാധാനവും ശാന്തിയും ജീവിതം സുഗമമായി കൊണ്ടുപോകാനുള്ള സാഹചര്യവും സൃഷ്ടിക്കലാണ്.

ആയിരക്കണക്കിന് കോടികളുടെ പദ്ധതികളേക്കാൾ നമുക്കാവശ്യം മാലിന്യ സംസ്കരണം പോലുള്ള മനുഷ്യജീവിതത്തിന്റെ നിലനിൽപ്പിനാധാരമായ അടിസ്ഥാനപദ്ധതികളാണ്. സംസ്ഥാന സർക്കാർ, തെരുവ്നായകളെ കൊല്ലാനനുമതിക്കായി വീണ്ടും സുപ്രീംകോടതിയെ സമീപിക്കുമെന്ന് പറഞ്ഞത് നല്ല കാര്യംതന്നെയാണ്. നല്ല കാര്യങ്ങൾ ചെയ്യാൻ സമയം പാഴാക്കാതിരുന്നാൽ മതി. കൃഷി നശിപ്പിക്കാനെത്തുന്ന വന്യമൃഗങ്ങൾ ഇന്ന് മറ്റൊരു തലവേദനയാണ്. നാട്ടിലിറങ്ങുന്ന വന്യമൃഗങ്ങൾ മനുഷ്യജീവനുകൾ ഇല്ലാതാക്കുന്നതും വാർത്തകളാവുകയാണ്. നാട്ടിലെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, സന്നദ്ധ സംഘടനകൾ, മതസംഘടനകളെല്ലാം ജനോപകാരപ്രദമായ മേഖലകളിൽ ശ്രദ്ധിച്ചാൽ നമ്മുടെ നാട്ടിൽ ഇത്തരം ദുരന്തങ്ങൾ ഇല്ലാതാകും. അകാലത്തിൽ പൊലിഞ്ഞ പൊന്നുമോന് ആദരാഞ്ജലികൾ. ആ കുടുംബത്തിന്റെ ദുഃഖത്തിൽ പങ്കുചേരുന്നു.

# മോൻസൺ മാവുങ്കൽ കേസ്: പ്രതി ചേർത്തതിനെതിരേ ഹൈക്കോടതിയെ സമീപിക്കാൻ സുധാകരൻ

## അറസ്റ്റിന് നിയമോപദേശം തേടി ക്രൈംബ്രാഞ്ച്

തിരുവനന്തപുരം: കെ.പ ി.സി.സി അധ്യക്ഷൻ കെ. സുധാകരനെതിരേ മോൻസൺ മാവുങ്കൽ കേസിൽ ശക്തമായ തെളിവുകളുണ്ടെന്ന് ക്രൈംബ്രാഞ്ച്. സുധാകരൻ 10 ലക്ഷം രൂപ വാങ്ങിയതിന് തെളിവുകളും സാക്ഷിമൊഴികളും ഉണ്ടെന്ന് ക്രൈംബ്രാഞ്ച് കോടതിയെ അറിയിച്ചു. അന്വേഷണ സംഘം മോൻസൺ മാവുങ്കലിന്റെ ജീവനക്കാരുടെ മൊഴി രേഖപ്പെടുത്തിയിരുന്നു. അതേസമയം, പുരാവസ്തു തട്ടിപ്പ് കേസിൽ പ്രതി ചേർത്ത ക്രൈംബ്രാഞ്ച് നടപടിയിൽ സുധാകരൻ ഹൈക്കോടതിയെ സമീപിച്ചേക്കും. കേസിൽ നാളെ ഹാജരാകണമെന്നാവശ്യപ്പെട്ട് സുധാകരന് ക്രൈംബ്രാഞ്ച് നോട്ടീസ് നൽകിയിരുന്നു. കളമശേരി ക്രൈംബ്രാഞ്ച് ഓഫീസിൽ ചോദ്യം ചെയ്യലിന് ഹാജരാകാനാണ് നിർദേശം. നാളെ ചോദ്യം ചെയ്യലിന് ഹാജരായാൽ അവശ്യമെങ്കിൽ ക്രൈംബ്രാഞ്ചിന് അറസ്റ്റ് രേഖപ്പെടുത്താം. അറസ്റ്റിനായി ക്രൈംബ്രാഞ്ച് നിയമോപദേശം തേടിയതായാണ് വിവരം. ഇത് കൂടി മുന്നിൽ കണ്ടാണ് സുധാകരന്റെ നീക്കം. അന്വേഷണത്തെ നിയമപരമായും രാഷ്ട്രീയമായും നേരിടാനാണ് കോൺഗ്രസിന്റെ തീരുമാനം. രാഷ്ട്രീയ പകപോക്കലിന്റെ ഭാഗമായാണ് കേസിൽ പ്രതി ചേർത്തതെന്നാണ്



സുധാകരന്റെ ആരോപണം. എഫ്.ഐ.ആറിന്റെ പകർപ്പ് അന്വേഷണ സംഘത്തോട് സുധാകരൻ ആവശ്യപ്പെടും. കേസ് അടിയന്തിരമായി പരിഗണിക്കണമെന്നും കോടതിയോട് ആവശ്യപ്പെടും.കേസിന്റെ പ്രാരംഭഘട്ടം മുതൽ തന്നെ സുധാകരനെതിരേ ഗുരുതര ആരോപണങ്ങൾ ഉയർന്നിരുന്നു. മോൻസൺ മാവുങ്കൽ തട്ടിപ്പ് നടത്തിയതുമായി ബന്ധപ്പെട്ട് സുധാകരന്റെ പങ്കാളിത്തം അന്വേഷിക്കണമെന്ന് പരാതിക്കാരൻ ആവശ്യപ്പെട്ടിരുന്നു. കെ.സുധാകരൻ, മോൻസൺ മാവുങ്കലിന്റെ വീട്ടിൽ താമസിച്ച് സൗന്ദര്യ വർധനയ്ക്കുള്ള കോസ്മറ്റോളജി ചികിത്സ നടത്തിയെന്നായിരുന്നു പരാതി. മോൺസന്റെ വീട്ടിൽ താമസിച്ച് 10 ദിവസം ചികിത്സ നടത്തിയെന്നായാരുന്നു പരാതിക്കാരൻ പറഞ്ഞത്. എന്നാൽ മോൻസൺ കണ്ടതും ചികിത്സ തേടിയതും സത്യമാണെന്നും പത്ത് ദിവസമല്ല അഞ്ച് ദിവസമാണ് ചികിത്സക്കായി വീട്ടിൽ താമസിച്ചതെന്നും കെ. സുധാകരൻ നേരത്തെ വ്യക്തമാക്കിയിരുന്നു. മോൻസൺ മാവുങ്കലിന്റെ സാമ്പത്തിക തട്ടിപ്പ് കേസിൽ ഇന്നലെയാണ് സുധാകരനെ പ്രതി ചേർത്തത്. വഞ്ചനാകുറ്റം ചുമത്തി രണ്ടാം പ്രതിയായാണ് കേസെടുത്തിരിക്കുന്നത്.

## പൂനെ – മുംബൈ എക്സ്പ്രസ് വേയിൽ കെമിക്കൽ ടാങ്കർ ലോറി പൊട്ടിത്തെറിച്ചു

# നാല് മരണം; മൂന്ന് പേർക്ക് ഗുരുതര പരുക്ക്

പൂനെ: പൂനെ-മുംബൈ എക്സ്പ്രസ് വേയിൽ കെമിക്കൽ ടാങ്കർ പൊട്ടിത്തെറിച്ചു. അപകടത്തിൽ നാല് പേർ മരിക്കുകയും മൂന്ന് പേർക്ക് ഗുരുതരമായി പരുക്കേൽക്കുകയും ചെയ്തു. ലോണവാലയ്ക്കും ഖണ്ഡാലയ്ക്കുമിടയിൽ രാവിലെ 11 മണിയോടെയാണ് അപകടമുണ്ടായത്. ടാങ്കർ മറിഞ്ഞതോടെ എണ്ണ ലീക്കായതാണ് തീപിടിത്തത്തിന് കാരണമായത്. ടാങ്കർ ലോറിയിലുണ്ടായിരുന്ന ഒരാളും മറ്റ് വാഹനങ്ങളിൽ സഞ്ചരിച്ചിരുന്ന മൂന്നുപേരുമാണ് അപകടത്തിൽ മരിച്ചത്. പൊട്ടിത്തെറിച്ച ടാങ്കറിന്റെ ഭാഗങ്ങൾ മറ്റ് വാഹനങ്ങളുടെ മുകളിൽ പതിക്കുകയായിരുന്നു. തീ നിയന്ത്രണവിധേയമാക്കിയതായി പോലിസ് അറിയിച്ചു. പരുക്കേറ്റവരെ ആശുപത്രികളിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. അപകടത്തിന്റെ ദൃശ്യങ്ങൾ സാമൂഹ്യമാധ്യമങ്ങളിൽ പ്രചരിക്കുന്നുണ്ട്. വൻ ശബ്ദത്തോടെ പൊട്ടിത്തെറിയുണ്ടാകുന്നത് ദൃശ്യങ്ങളിൽ വ്യക്തമാണ്. അപകടത്തെതുടർന്ന് ഹൈവേയിലെ ഗതാഗതം പൂർണമായും തടസപ്പെട്ടു. ഏതാനും മണിക്കൂറുകൾക്ക് ശേഷം വൺവേ ഗതാഗതം പുനഃസ്ഥാപിച്ചെടുത്തു.


പൂനെ-മുംബൈ എക്സ്പ്രസ് വേയിൽ കെമിക്കൽ ടാങ്കർ ലോറി പൊട്ടിത്തെറിച്ചപ്പോൾ

## ജീവനക്കാർക്ക് ഹിന്ദി അറിഞ്ഞിരിക്കണം

# ഇൻഷുറൻസ് കമ്പനിയുടെ സർക്കുലറിനെതിരേ എം.കെ. സ്റ്റാലിൻ



ചെന്നൈ: ജീവനക്കാർക്ക് ഹിന്ദി അറിഞ്ഞിരിക്കണം എന്ന ഇൻഷുറൻസ് കമ്പനിയുടെ സർക്കുലറിനെതിരേ തമിഴ്നാട് മുഖ്യമന്ത്രി എം.കെ സ്റ്റാലിൻ. സർക്കുലർ ഉടൻ പിൻവലിക്കണമെന്നും ഹിന്ദി ഇതര ഭാഷകൾ സംസാരിക്കുന്നവരോട് മാപ്പ് പറയണമെന്നും സ്റ്റാലിൻ പറഞ്ഞു. ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയാണ് ജീവനക്കാർക്ക് ഹിന്ദി അറിഞ്ഞിരിക്കണം എന്ന് സർക്കുലർ ഇറക്കിയത്. കമ്പനി സർക്കുലർ ട്വിറ്ററിൽ പങ്കുവച്ചാണ് സ്റ്റാലിന്റെ വിമർശനം. ഹിന്ദി സംസാര ഭാഷയല്ലാത്ത തമിഴ്നാട് അടക്കമുള്ള സംസ്ഥാനങ്ങളിലേക്ക് ഹിന്ദി അടിച്ചേൽപ്പിക്കാനുള്ള ശ്രമങ്ങളാണ് നീക്കമാണ് ഇതെന്നു സ്റ്റാലിൻ ആരോപിക്കുന്നു. സർക്കുലർ നീതി രഹിതമാണെന്നും ഉടൻ തന്നെ പിൻവലിക്കണമെന്നും സ്റ്റാലിൻ ആവശ്യപ്പെട്ടു. ഇൻഷുറൻസ് സ്ഥാപനത്തിന്റെ ചെയർപേഴ്സൺ സ്ഥാപനത്തിലെ ഹിന്ദി സംസാരിക്കാത്ത ജീവനക്കാരോട് ക്ഷമാപണം നടത്തണമെന്നും സ്റ്റാലിൻ ട്വീറ്റിൽ ആവശ്യപ്പെട്ടു.

ടാക്സ് അടക്കുകയും രാജ്യപുരോഗതിക്ക് ആവശ്യമായ സംഭാവനകൾ ചെയ്യുകയും ചെയ്യുന്നവരാണ് തങ്ങൾ. രാജ്യം വിവിധ സംസ്കാരങ്ങളുടെ സംയോജനമാണ്. തങ്ങളുടെ ഭാഷയ്ക്കും തുല്യ പ്രാതിനിധ്യം വേണം.

തമിഴിനെ ഹിന്ദിയുമായി മാറ്റി സ്ഥാപിക്കാനുള്ള ഏത് നീക്കത്തെയും ചെറുക്കുമെന്നും സ്റ്റാലിൻ വിശദമാക്കി. രാജ്യത്തിന്റെ പുരോഗതിക്ക് മികച്ച സംഭാവനകൾ നൽകിയിട്ടും സംസാര ഭാഷയുടെ പേരിൽ മാറ്റി നിർത്തപ്പെടുന്ന കാലം മാറിയെന്നും സ്റ്റാലിൻ കൂട്ടിച്ചേർത്തു.

ഹിന്ദി അടിച്ചേൽപ്പിക്കാനുള്ള ഏത് ശ്രമത്തേയും തമിഴ്നാട് സർക്കാരും ഡി.എം.കെയും പ്രതിരോധിക്കുമെന്നും സ്റ്റാലിൻ വിശദമാക്കുന്നു. കേന്ദ്ര സർക്കാരിലും റെയിൽവേയിലും പോസ്റ്റൽ വകുപ്പിലും ബാങ്കിലും, പാർലമെന്റിലും ഹിന്ദി അനുഭവിക്കുന്ന അനാവശ്യ സ്പെഷ്യൽ സ്റ്റാറ്റസ് നീക്കാനുള്ള ശ്രമങ്ങൾ തുടരുമെന്നും സ്റ്റാലിൻ വിശദമാക്കി.




സേവാസ് പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി.ശിവൻകുട്ടി നിർവഹിക്കുന്നു


# ട്വിറ്റർ പൂട്ടിക്കുമെന്ന് കേന്ദ്രസർക്കാർ ഭീഷണിപ്പെടുത്തി; വെളിപ്പെടുത്തി മുൻ സി.ഇ.ഒ

ന്യൂഡൽഹി: കർഷക പ്രതിഷേധം നടക്കുന്ന സമയത്ത് ട്വിറ്റർ പൂട്ടിക്കുമെന്ന് കേന്ദ്രസർക്കാരിന്റെ ഭീഷണിയുണ്ടായിരുന്നുവെന്ന് ട്വിറ്റർ മുൻ സി.ഇ.ഒയുടെ വെളിപ്പെടുത്തൽ. മുൻ സി.ഇ.ഒ ജാക്ക് ഡോർസിയുടേതാണ് വെളിപ്പെടുത്തൽ. ബ്രേക്കിങ് പോയിന്റ്സ് എന്ന യൂട്യൂബ് ചാനലിന് നൽകിയ അഭിമുഖത്തിലാണ് ജാക്ക് ഡോർസിയുടെ വെളിപ്പെടുത്തൽ. കർഷക പ്രതിഷേധങ്ങളുടെയും സർക്കാരിനെ വിമർശിക്കുന്നവരുടെയും ട്വിറ്റർ അക്കൗണ്ടുകൾ ബ്ലോക്ക് ചെയ്യാൻ ഇന്ത്യയിൽ നിന്ന് സമ്മർദ്ദമുണ്ടായിരുന്നുവെന്നായിരുന്നു ഡോർസിയുടെ വെളിപ്പെടുത്തൽ.

അഭിമുഖത്തിനിടെ, വിദേശ സർക്കാരുകളിൽ നിന്ന് എന്തെങ്കിലും സമ്മർദ്ദം നേരിട്ടിട്ടുണ്ടോ എന്ന ചോദ്യത്തിനായിരുന്നു ഡോർസിയുടെ മറുപടി. "കർഷകരുടെ പ്രതിഷേധങ്ങൾക്കെതിരെ, സർക്കാരിനെ വിമർശിച്ച മാധ്യമപ്രവർത്തകരെ ചുറ്റിപ്പറ്റി നിരവധി അഭ്യർത്ഥനകൾ നടത്തിയ രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. ഞങ്ങൾ ഇന്ത്യയിൽ ട്വിറ്റർ അടച്ചുപൂട്ടും.. നിങ്ങളുടെ ജീവനക്കാരുടെ വീടുകൾ ഞങ്ങൾ റെയ്ഡ് ചെയ്യും, അവർ അത് ചെയ്തു. നിങ്ങൾ ഇത് പാലിച്ചില്ലെങ്കിൽ ഞങ്ങൾ നിങ്ങളുടെ ഓഫീസുകൾ അടച്ചുപൂട്ടും. ഇത് ഇന്ത്യയാണ്, ഒരു ജനാധിപത്യ രാജ്യമാണ് " എന്നിങ്ങനെയുള്ള ഭീഷണികൾ ഉണ്ടായിരുന്നുവെന്ന് ജാക്ക് ഡോർസി പറഞ്ഞു.അതേസമയം, ജാക്ക് ഡോർസിയുടെ വാദം കള്ളമെന്ന് കേന്ദ്രമന്ത്രി രാജീവ് ചന്ദ്രശേഖർ പ്രതികരിച്ചു. ഇന്ത്യൻ നിയമങ്ങളെ ട്വിറ്റർ മാനിച്ചില്ലെന്നും രാജീവ് ചന്ദ്രശേഖർ പറഞ്ഞു. ഡോർസിയും സംഘവും തുടർച്ചയായി ഇന്ത്യൻ നിയമങ്ങൾ ലംഘിച്ചുവെന്ന് കേന്ദ്ര മന്ത്രി പറഞ്ഞു. ആരും ജയിലിൽ പോകുകയോ ട്വിറ്റർ അടച്ചുപൂട്ടുകയോ ചെയ്തിട്ടില്ല. ഇന്ത്യയിലെ നിയമങ്ങൾ ബാധകമല്ല എന്ന മട്ടിലായിരുന്നു ഡോർസിയുടെ കീഴിലുള്ള


ജാക്ക് ഡോർസി

പെരുമാറിയത്. ഒരു പരമാധികാര രാഷ്ട്രമെന്ന നിലയിൽ, ഇന്ത്യയിൽ പ്രവർത്തിക്കുന്ന എല്ലാ കമ്പനികളും രാജ്യത്തെ നിയമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഇന്ത്യയ്ക്ക് അവകാശമുണ്ട്. 2021 ജനുവരിയിൽ നടന്ന പ്രതിഷേധത്തിനിടെ, ധാരാളം തെറ്റായ വിവരങ്ങളും വ്യാജ വംശഹത്യ റിപ്പോർട്ടുകളും നൽകി. വ്യാജ വാർത്തകളെ അടിസ്ഥാനമാക്കി സ്ഥിതിഗതികൾ കൂടുതൽ വഷളാക്കാൻ



സാധ്യതയുള്ളതിനാൽ പ്ലാറ്റ്ഫോമിൽ നിന്ന് തെറ്റായ വിവരങ്ങൾ നീക്കം ചെയ്യാൻ സർക്കാർ ബാധ്യസ്ഥനായിരുന്നു- മന്ത്രി ട്വിറ്ററിൽ വിശദമാക്കി. ഇന്ത്യയുടെ പരമാധികാരത്തെ അംഗീകരിക്കുന്നതിൽ ഡോർസിക്ക് പ്രശ്നമുണ്ടായിരുന്നുവെന്നും മന്ത്രി കുറിച്ചു. 2021 നവംബറിലാണ് ട്വിറ്റർ സി.ഇ.ഒ സ്ഥാനത്ത് നിന്ന് ഡോർസി രാജിവെക്കുന്നത്. 2022 മേയിൽ ഡയരക്ടർ ബോർഡിൽ നിന്നും രാജിവച്ചു.

# വനിതാ ഡോക്ടറെ രോഗി മർദിച്ചു; ആശുപത്രി ജീവനക്കാർ പ്രതിഷേധിച്ചു

തലശ്ശേരി: വാഹന അപകടത്തിൽ പരുക്കേറ്റ് തലശ്ശേരി ജനറൽ ആശുപത്രിയിൽ എത്തിയ യുവാവ് വനിതാ ഡോക്ടറെ ഡ്യൂട്ടിക്കിടയിൽ കൈയ്യേറ്റം ചെയ്തു. കാഷാലിറ്റിയിൽ ഡ്യൂട്ടി ചെയ്തുവന്ന ഡോ. അമൃതാ രാഖിയാണ് കൈയ്യേറ്റത്തിനിരയായത്. സംഭവവുമായി ബന്ധപ്പെട്ട് പാലയാട് സ്വദേശി പഴയ ബേസിക് സ്കൂളിനടുത്ത്, കുറുപ്പം കണ്ടി മഹേഷിനെ തലശ്ശേരി പോലിസ് അറസ്റ്റ് ചെയ്തു. പിന്നീട് ഇയാൾക്ക് തുടർ ചികിത്സക്കായി ജെ.എഫ്.സി.എം കോടതി മജിസ്ട്രേട്ട് ആശുപത്രിയിലെത്തി മൊഴി രേഖപ്പെടുത്തിയ ശേഷം ജാമ്യം അനുവദിച്ചു.ഇന്നലെ പുലർച്ചെ രണ്ടര മണിയോടെയാണ് കൊടുവള്ളിയിൽ വെച്ച് ഇയാൾ സഞ്ചരിച്ച ബൈക്ക് മറിഞ്ഞ് പരുക്കേറ്റ നിലയിൽ-തലശ്ശേരി ജനറൽ ആശുപത്രിയിലെത്തിച്ചത്. ആദ്യം തൊട്ടടുത്ത സഹകരണ ആശുപത്രിയിലെത്തി പ്രഥമ ശുശ്രൂഷ നേടി. ഇവിടെയും അക്രമാസക്തനായി പെരുമാറിയ ഇയാളെ പിന്നിട് ജനറൽ ആശുപത്രിയിലേക്ക് മാറ്റുകയായിരുന്നുവെന്നാണ് വിവരം. കാഷാലിറ്റിയിൽ കിടത്തി തലയിലെ പരിക്കുകൾ പരിശോധിച്ച ഡോക്ടറോട് നെഞ്ചിലാണ് വേദനയെന്ന് അയാൾ പറഞ്ഞു. നെഞ്ചിലും വാരി ഭാഗത്തും പരിശോധിക്കുന്നതിനിടയിലാണ് പെടുന്നനെ പ്രകോപിതനായി പരിശോധിക്കുകയായിരുന്ന വനിതാ ഡോക്ടറെ മർദിച്ചത്. അക്രമത്തിനിരയായ ഡോക്ടർ പൊലിസിനെ വിളിക്കാൻ തുടങ്ങിയതോടെ ഇയാൾ ഡോക്ടറെ ഭീഷണിപ്പെടുത്തി. നിന്നെ ഞാൻ എടുത്തോളാം, പുറത്ത് വച്ച് കണ്ടോളാം, എന്നിങ്ങനെയായിരുന്നു ഭീഷണി. വിവര മറിഞ്ഞെത്തിയ പോലിസ് ഇയാളെ കസ്റ്റഡിയിലെടുത്തു. ഡോക്ടറുടെ മൊഴി രേഖപ്പെടുത്തിയ ശേഷം അറസ്റ്റ് രേഖപ്പെടുത്തുകയായിരുന്നു. ഇന്ത്യൻ ശിക്ഷാ നിയമം 323,353 ,294 ( ബി ),506 വകുപ്പിലും ആരോഗ്യ പ്രവർത്തകരെ ആക്രമിച്ചാലുള്ള പുതിയ ഭേദഗതി നിയമം 3, 4, വകുപ്പുകളും ചുമത്തിയാണ് കേസെടുത്തിട്ടുള്ളത്. ആശുപത്രിയിലെ ഡോക്ടർമാരും ജീവനക്കാരും പ്രതിഷേധ സമരം നടത്തി.


ചികിത്സക്കിടെ വനിതാ ഡോക്ടറെ കൈയ്യേറ്റം ചെയ്ത പ്രതി കുറുപ്പാംകണ്ടി മഹേഷ്


കോഴിക്കോട് ജില്ലയിലെ പട്ടയമേള കണ്ടംകുളം ജൂബിലി ഹാളിൽ റവന്യു മന്ത്രി കെ.രാജൻ ഉദ്ഘാടനം ചെയ്യുന്നു

# 'സി.പി അബൂബക്കർ അനുസ്മരണം' നടത്തി

കോഴിക്കോട്: ഫൂട്ട്‌വെയർ മാനുഫാക്ച്ചേഴ്സ് അസോസിയേഷൻ മുൻ പ്രസിഡന്റും സ്‌റ്റൈലോ ഗ്രൂപ്പ് ഓഫ് കമ്പനീസ് മാനേജിങ്ങ് ഡയരക്ടറുമായിരുന്ന സി.പി അബൂബക്കറിന്റെ നിര്യാണത്തിൽ ഫ്യൂമ ഓഫിസിൽ അനുസ്മരണയോഗം ചേർന്നു. പ്രസിഡന്റ് രജിത് മുല്ലശ്ശേരി അധ്യക്ഷത വഹിച്ചു. ട്രഷറർ ടി.സുകുമാരൻ അനുശോചനപ്രമേയം അവതരിപ്പിച്ചു. കെ.എസ്.ഐ.ഡി.സി ഡയരക്ട് ബോർഡ് മെമ്പർ വി.കെ.സി റസാഖ്, കെ.എസ്.എസ്.ഐ.എ സംസ്ഥാന വൈസ് പ്രസിഡന്റ് എ.വി സുനിൽ നാഥ് , സി.ഐ.എഫ്.ഐ കേരള ചാപ്റ്റർ ചെയർമാൻ പി.പി മുസമ്മിൽ, കെ.എസ്.എസ്.ഐ.എ ജില്ലാ സെക്രട്ടറി ബാബു മാളിയേക്കൽ, ഫ്യൂമ വൈസ് പ്രസിഡന്റ് ടി. ബഷീർ എന്നിവർ സംസാരിച്ചു.



'സി.പി അബൂബക്കർ അനുസ്മരണ'യോഗത്തിൽ നിന്ന്

# ജീർണമായ മനസ്സിന്റെ അവസ്ഥ മാറണം: എം.വി ഗോവിന്ദൻ

തലശ്ശേരി: പോസിറ്റീവ് കാര്യങ്ങൾ ഏറെ ആലോചിക്കാനുള്ളപ്പോൾ നെഗറ്റീവിനെക്കുറിച്ചന്വേഷിക്കാൻ എവിടെയാണ് നേരമെന്ന് സി.പി.ഐ.എം സംസ്ഥാന സെക്രട്ടറി എം.വി.ഗോവിന്ദൻ. ഏത് പ്രശ്നത്തോടായാലും ജീർണമായ മനസ്സിന്റെ അവസ്ഥ മാറണം. വടക്കുമ്പാട് മത്തുംഭാഗം ഗ്രാൻമ തീയേറ്ററിന്റെ സാരഥിയും സാമൂഹ്യ പ്രവർത്തകനും മാതൃകാ അധ്യാപകനുമായ എ.വി രത്നകുമാറിന്റെ മനശ്ശാസ്ത്ര സംബന്ധിയായ നാലാമത്തെ ഗ്രന്ഥമായ 'മനസ് തുറക്കാം' എന്ന പുസ്തകം പ്രകാശനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. തിയറിക്കുമപ്പുറം പ്രായോഗികതയ്ക്ക് പ്രാമുഖ്യം നൽകിയ ദാർശനിക ഗ്രന്ഥമാണിതെന്നും, തന്നെ രത്നകുമാർ മാഷിന്റെ പുസ്തകങ്ങൾ ഏറെ സ്വാധീനിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. സങ്കീർണമായ മനുഷ്യമനസ്സുകളുടെ ഉള്ളറകളിലേക്കുള്ള മനഃശാസ്ത്രപരമായ സഞ്ചാരമാണ് 113 തലങ്ങളെ അനാവരണം ചെയ്തുള്ള ഈ ഗ്രന്ഥമെന്ന് അദ്ദേഹം പറഞ്ഞു. സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷൻ ചെയർമാൻ അഡ്വ. കെ.വി മനോജ് കുമാർ പുസ്തകം ഏറ്റുവാങ്ങി. ലൈബ്രറി കൗൺസിൽ ജില്ലാ പ്രസിഡന്റ് മുകുന്ദൻ മഠത്തിൽ പുസ്തക പരിചയം നടത്തി. വി.കെ കുഞ്ഞികൃഷ്ണൻ മാസ്റ്റർ അധ്യക്ഷത വഹിച്ചു. സി.കെ രമേശൻ, എം.പി ശ്രീഷ, കാട്ടിൽ ജനാർദ്ദനൻ, കാട്യത്ത് പ്രകാശൻ, കെ.വിനോദ്, പവിത്രൻ മൊകേരി, പി.എസ് വിനായകൻ എന്നിവർ സംസാരിച്ചു. എ.വി രത്നകുമാർ മറുമൊഴി നടത്തി. എ.വി രാജൻ മാസ്റ്റർ സ്വാഗതവും പ്രേമൻ പൊന്ന്യം നന്ദിയും പറഞ്ഞു.


എ.വി രത്നകുമാറിന്റെ 'മനസ് തുറക്കാം' എന്ന പുസ്തകം സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷൻ ചെയർമാൻ അഡ്വ.കെ.വി മനോജ് കുമാറിന് നൽകി സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ പ്രകാശനം ചെയ്യുന്നു

# ജനകീയ ഉത്സവമായി ജി.എം.യു.പി സ്കൂൾ കെട്ടിടോദ്ഘാടനം

അത്തോളി: സ്കൂൾ കെട്ടിടോദ്ഘാടന വേദിയിൽ മാതൃകാ അധ്യാപകർക്ക് വിദ്യാഭ്യാസ മന്ത്രിയുടെ ആദരവ് വേറിട്ടതായി.ബാലുശ്ശേരി എരമംഗലം ജി.എൽ.പി.എസ്സിലെ അധ്യാപികമാരായ സിൽജയേയും ധന്യയേയുമാണ് വേളൂർ ജി.എം.യു.പി സ്കൂളിലെ പുതിയ കെട്ടിടോദ്ഘാടന വേദിയിൽ മന്ത്രി വി.ശിവൻകുട്ടി ആദരിച്ചത്. ഉദ്ഘാടന ചടങ്ങിൽ സദസ്സിൽ ഇരിക്കുകയായിരുന്ന ഇരുവരെയും മന്ത്രി വേദിയിലേക്ക് വിളിച്ച് ഇരുത്തി. ഇരുവരുടെയും പ്രവൃത്തി മാതൃകാപരമാണെന്നും ഏറെ അഭിമാനം തോന്നിയെന്നും മന്ത്രി പറഞ്ഞു. പ്രവേശനോത്സവത്തിന്റെ തലേ ദിവസം എരമംഗലം ഗവ.യുപി സ്കൂളിലെ കിണർ വൃത്തിയാക്കൽ ദൗത്യം സ്വമേധയാ ഏറ്റെടുത്തതിനാണ് അധ്യാപികമാരെ ആദരിച്ചത്. സംഭവമറിഞ്ഞ് അധ്യാപികമാരെ വിദ്യാഭ്യാസ മന്ത്രി അന്ന് തന്നെ ഫേസ്ബുക്ക് പോസ്റ്റിലൂടെ അഭിനന്ദിച്ചിരുന്നു. തുടർന്ന് സച്ചിൻ ദേവ് എം.എൽ.എയോട് വിവരങ്ങൾ അന്വേഷിച്ചു. നേരിൽ കാണാമെന്ന വിദ്യാഭ്യമന്ത്രിയുടെ വാക്ക് പാലിക്കൽ കൂടിയായി ആദരവ് വേദി. അതിനിടെ ഉദ്ഘാടന പ്രസംഗത്തിനൊടുവിൽ സച്ചിൻ ദേവ് എം.എൽ.എയുടെ പ്രവർത്തനങ്ങളെ കുറിച്ചും മന്ത്രി വാചാലനായി. 'നിങ്ങളുടെ എം.എൽ.എ നിയമ സഭയിൽ പുതുമുഖമാണെങ്കിലും രണ്ട് വർഷക്കാലയളവിൽ കേരളം ശ്രദ്ധിക്കപ്പെടുന്ന വികസന പ്രവർത്തനങ്ങൾ, പ്രത്യേകിച്ച് വിദ്യാഭ്യാസ രംഗത്തെ വികസന പ്രവർത്തനങ്ങളിൽ നാടിന്റെ ആകെ പിന്തുണ പടിച്ചു പറ്റിയ വ്യക്തിത്വമാണെന്നും' സച്ചിൻദേവിനെ കുറിച്ച് മന്ത്രി പറഞ്ഞു.


ബാലുശ്ശേരി എരമംഗലം ജി.എൽ.പി.എസ്സിലെ അധ്യാപികമാരായ സിൽജയേയും ധന്യയേയും വേളൂർ ജി.എം.യു.പി സ്കൂളിലെ പുതിയ കെട്ടിടോദ്ഘാടന വേദിയിൽ മന്ത്രി വി.ശിവൻകുട്ടി ആദരിച്ചപ്പോൾ

# മരംവീണ് ഫൈബർ തോണി തകർന്നു

തലശ്ശേരി: ജവഹർ ഘട്ടിന് സമീപം കടപ്പുറത്ത് നിർത്തിയിട്ട ഫൈബർ തോണി കൂറ്റൻ മരത്തിന്റെ ശിഖരം പൊട്ടി വീണ് തകർന്നു, തോണിയുടെ മധ്യഭാഗമാണ് തകർന്നത്. ധർമ്മടം സ്വദേശി കെ.കെ സലീമിന്റെ ഉടമസ്ഥതയിലുള്ളതാണ് മുഹമ്മദ് ഷമീം എന്ന ഈ വള്ളം. കടൽ ക്ഷോഭം കാരണം മരത്തിനടിയിൽ നിർത്തിയിട്ടതായിരുന്നു. 55,000 രൂപയുടെ നഷ്ടം കണക്കാക്കുന്നു. സമീപത്തുണ്ടായിരുന്ന ഗോപാല പേട്ടയിലെ പി.പി മുഹമ്മദിന്റെ ഉടമസ്ഥതയിലുള്ള തോണിക്ക് കേട്പാട് സംഭവിച്ചിട്ടുണ്ട്. ഫിഷറീസ് ഉദ്യോഗസ്ഥരും, നഗരസഭ ഉദ്യോഗസ്ഥരും സംഭവസ്ഥലം സന്ദർശിച്ചു.


ജവഹർ ഘട്ടിന് സമീപം മരം വീണ് ഫൈബർ തോണി തകർന്ന നിലയിൽ

# പിന്നോക്ക സംവരണത്തെ ധ്രുവീകരണ ആയുധമാക്കുന്നത് പ്രതിഷേധാർഹം: വിസ്ഡം യൂത്ത്

കോഴിക്കോട്: പിന്നോക്ക സംവരണത്തെ മതാടിസ്ഥാനത്തിലുള്ള സംവരണമെന്ന് മുദ്രകുത്തുന്നത് ദുരുദ്ദേശപരമാണെന്നും സംവരണത്തെ ധ്രുവീകരണ ആയുധമാക്കുന്നത് പ്രതിഷേധാർഹമാണെന്നും വിസ്ഡം യൂത്ത് കോഴിക്കോട് സൗത്ത് ജില്ലാ എക്സ്പേർട്ട് മീറ്റ് അഭിപ്രായപ്പെട്ടു. പിന്നോക്ക വിഭാഗങ്ങളുടെ സാമൂഹ്യ പുരോഗതിക്കായി ഭരണഘടന ഉറപ്പ് നൽകുന്ന അവകാശമാണ് സംവരണം. വ്യക്തികളുടെയോ മതങ്ങളുടെയോ സാമ്പത്തിക ഉന്നമനമല്ല സംവരണത്തിന്റെ ലക്ഷ്യം, മറിച്ച് ബഹുസ്വര ജനാധിപത്യ രാജ്യമായ ഇന്ത്യയിൽ സമൂഹത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും അധികാരത്തിന്റെ എല്ലാ തലങ്ങളിലും ആനുപാതികമായ അവസരസമത്വമാണ് സംവരണം ലക്ഷ്യമാക്കുന്നത്. മതാടിസ്ഥാനത്തിലുള്ള സംവരണമെന്ന പ്രചാരണം സംവരണത്തിന്റെ ഉദ്ദേശശുദ്ധിയെ പോലും അട്ടിമറിക്കാനുള്ള ശ്രമമാണ്. സംവരണം പോലും പൗരന്മാർക്കിടയിൽ ധ്രുവീകരണ ലക്ഷ്യത്തോടെ ദുരുപയോഗം ചെയ്യുമ്പോൾ സമൂഹം ജാഗ്രതയോടെ നീങ്ങണമെന്നും സംഗമം കൂട്ടിച്ചേർത്തു. വിസ്ഡം ഇസ്ലാമിക് യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന ജന. സെക്രട്ടറി ടി.കെ നിഷാദ് സലഫി ഉദ്ഘാടനം നിർവഹിച്ചു. വിസ്ഡം യൂത്ത് ജില്ലാ പ്രസിഡന്റ് അമീർ അത്തോളി അധ്യക്ഷത വഹിച്ചു. ജാമിഅ അൽ ഹിന്ദ് ഡയരക്ടർ ഫൈസൽ മൗലവി, മുജാഹിദ് ബാലുശ്ശേരി, ശിഹാബ് എടക്കര ഉദ്ബോധന പ്രഭാഷണം നടത്തി. സംസ്ഥാന ഭാരവാഹികളായ അൻഫസ് മുക്രം, ഫിറോസ് ഖാൻ സ്വലാഹി, ജംഷീർ സ്വലാഹി, സംസ്ഥാന പ്രവർത്തക സമിതിയാംഗം അബ്ദുറഹിമാൻ ചുങ്കത്തറ, ജുബൈൽ എടവണ്ണ എന്നിവർ വിവിധ പഠന സെഷനുകൾക്ക് നേതൃത്വം നൽകി. വിസ്ഡം യൂത്ത് ജില്ലാ സെക്രട്ടറി എ.എം ജംഷീർ, ജില്ലാ ഭാരവാഹികളായ റഷീദ് പാലത്ത്, ജുബൈർ കാരപ്പറമ്പ്, മുഫീദ്, ഷിഹാബ്, അസീൽ സി.വി, ഗഫൂർ നരിക്കുനി, ജാബിർ നന്മണ്ട എന്നിവർ സംസാരിച്ചു.



വിസ്ഡം യൂത്ത് കോഴിക്കോട് സൗത്ത് ജില്ലാ എക്സ്പേർട്ട് മീറ്റ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന വിസ്ഡം ഇസ്ലാമിക് യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന ജന. സെക്രട്ടറി ടി.കെ നിഷാദ് സലഫി

# ഫാസിസത്തിനെതിരേ ജനാധിപത്യ സദസ് 15ന്

കോഴിക്കോട്: ഫാസിസ്റ്റ് രാഷ്ട്രീയത്തെ ചെറുക്കാനും ജനാധിപത്യ മതനിരപേക്ഷ മൂല്യങ്ങൾ ഉയർത്തിപിടിക്കാനും ഫാസിസ്റ്റ്‌വിരുദ്ധ മുന്നണി ജനാധിപത്യ സദസ് 15ന് വൈകീട്ട് നാല് മണിക്ക് ടൗൺഹാളിൽ സംഘടിപ്പിക്കുമെന്ന് ചെയർമാൻ ബേബി വാസൻമാസ്റ്റർ വാർത്താസമ്മേളനത്തിൽ പറഞ്ഞു. പരിപാടി പ്രൊഫ.എം.എൻ കാരശ്ശേരി ഉദ്ഘാടനം ചെയ്യും. പ്രൊഫ.കെ.ഇ.എൻ കുഞ്ഞഹമ്മദ്, ബാബു പറശ്ശേരി, അഡ്വ.എം.രാജൻ, ടി.വി ബാലൻ, പി.സി ഉണ്ണിച്ചെക്കൻ, മുക്കം മുഹമ്മദ്, കെ.അജിത, ഡോ.ഖദീജ മുംതസ്, കെ.ലോഹ്യ, പ്രൊഫ.ടി.പി കുഞ്ഞിക്കണ്ണൻ, കെ.എസ് ഹരിഹരൻ, ഡോ.കെ.എൻ അജോയ്കുമാർ, പി.ഉഷാദേവി, പി.എം ശ്രീകുമാർ, എൻ.വി ബാലകൃഷ്ണൻ, എൻ.സഗീഷ് ബാബു, ടി.ടി.ഇസ്മായിൽ, ആലിക്കുട്ടി മാസ്റ്റർ, പി.കെ പ്രിയേഷ് കുമാർ, യു.പി അബൂബക്കർ എന്നിവർ പ്രസംഗിക്കും. വാർത്താസമ്മേളനത്തിൽ കൺവീനർ എം.ശങ്കരൻ മാസ്റ്റർ, സി.പി അബ്ദുറഹിമാൻ, വാസുദേവൻ.പി, ഷാജി എല്ലോറ എന്നിവർ സംബന്ധിച്ചു.




മർകസ് ഹാദിയ അക്കാദമി പഠനാരംഭത്തിന് കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാർ നേതൃത്വം നൽകുന്നു

# മർകസ് ഹാദിയ പഠനാരംഭം

കാരന്തൂർ: മർകസ് ഹാദിയ അക്കാദമി പഠനാരംഭം 'ബസ്മല' പ്രൗഢമായി. മർകസ് ജനറൽ സെക്രട്ടറി കാന്തപുരം എ.പി അബൂബക്കർ മുസ്ലിയാർ വിദ്യാരംഭത്തിന് നേതൃത്വം നൽകി. ഡയരക്ടർ ജനറൽ സി. മുഹമ്മദ് ഫൈസി ചടങ്ങുകൾ ഉദ്ഘാടനം ചെയ്തു. വൈജ്ഞാനികവും ആത്മീയവുമായ പുരോഗതി സമൂഹത്തിന്റെ വളർച്ചക്ക് അനിവാര്യമാണെന്ന് അദ്ദേഹം പറഞ്ഞു. ഹാദിയ അക്കാദമി അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശറഫുദ്ദീൻ വെളിമണ്ണ അധ്യക്ഷത വഹിച്ചു. കെ.വി ഉമറുൽ ഫാറൂഖ്, അഡ്വ. മുഹമ്മദ് ശരീഫ്, സി.പി ഉബൈദുല്ല സഖാഫി, മുഹമ്മദ് ഹനീഫ അസ്ഹരി, ശിഹാബുദ്ദീൻ, മർസൂഖ് സഅദി കാമിൽ സഖാഫി, മുഹമ്മദ് സ്വാലിഹ് ശാമിൽ ഇർഫാനി, മുഹമ്മദ് ജാബിർ സഖാഫി സംസാരിച്ചു. സയ്യിദ് ജഅ്ഫർ ഹുസൈൻ, സി. അബ്ദുറസാഖ്, ശരീഫ് സഖാഫി, അസ്ലം സഖാഫി, കെ.കെ ശമീം പങ്കെടുത്തു.

# പാലുൽപാദനം വർധിപ്പിക്കാൻ തീറ്റ, കറവ സമയക്രമങ്ങളിൽ മാറ്റങ്ങൾ വരുത്തണം: മന്ത്രി ജെ. ചിഞ്ചുറാണി

കൊച്ചി: പാലുൽപാദനം ക്രമേണ വർധിപ്പിക്കാൻ പശുക്കളുടെ ആഹാരരീതി പരിശോധിച്ച് വിലയിരുത്തി വേണ്ട മാറ്റങ്ങളുമായി മുന്നോട്ടു പോകുമെന്ന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി കൊച്ചിയിൽ പറഞ്ഞു. പശുക്കളിലെ പാലുൽപാദനക്ഷമത ക്രമേണ കുറയ്ക്കുന്ന ഗുണനിലവാരം കുറഞ്ഞ ഇതരസംസ്ഥാന കാലിത്തീറ്റകളുടെ വരവ് നിയന്ത്രിക്കുക, ആവശ്യമായ കാലിത്തീറ്റ സംസ്ഥാനത്തിനകത്ത് തന്നെ ഉൽപാദിപ്പിക്കുക തുടങ്ങിയവയ്ക്കെല്ലാം പ്രാധാന്യം നൽകുന്ന കാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണ-മിശ്രിത നിയമനിർമാണം നടന്നു വരികയാണ്. അതിന് വേണ്ടിയുള്ള 15 അംഗ എം.എൽ.എമാരുടെ സംഘം അടുത്ത് തന്നെ ആന്ധ്രാപ്രദേശ് സന്ദർശിക്കുമെന്നും മന്ത്രി പറഞ്ഞു. ഇന്ത്യയിൽ ഏറ്റവും മികച്ച ഗുണമേന്മയുള്ള പാലുൽപാദന മേഖലയായി തെരഞ്ഞെടുത്ത മലബാർ മേഖല ഉദാഹരണമായെടുത്ത് പരിശോധിച്ച് അവിടെ നടപ്പാക്കിയ ഗുണകരമായ മാറ്റങ്ങൾ മറ്റിടങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കും. പത്തനംതിട്ടയിലെ കന്നുകാലികളിൽ നടപ്പിലാക്കി വരുന്ന ഇ-സമൃദ്ധ ആർ.എഫ്.ഐ.ഡി പദ്ധതി മറ്റു ജില്ലകളിലും ഉടനടി നടപ്പിലാക്കുമെന്ന് മന്ത്രി ജെ. ചിഞ്ചുറാണി പറഞ്ഞു. സുസ്ഥിര പാലുൽപാദനം ലക്ഷ്യമിട്ടുള്ള പശുക്കളുടെ ശാസ്ത്രീയ ഭക്ഷണരീതികളെക്കുറിച്ചും അതത് പ്രായങ്ങളിൽ നൽകേണ്ട തീറ്റക്രമങ്ങളെക്കുറിച്ചുമുള്ള കേരള ഫീഡ്സിന്റെ പ്രത്യേക സെമിനാർ എറണാകുളം ബോൾഗാട്ടി പാലസിൽ വച്ച് ഉദ്ഘാടനം ചെയ്തു സംസാരിക്കുയായിരുന്നു അവർ. കേരള ഫീഡ്സ് എം.ഡി ഡോ. ബി. ശ്രീകുമാർ സ്വാഗതം പറഞ്ഞ ചടങ്ങിൽ മൃഗസംരക്ഷണ -ക്ഷീരവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പ്രണബ് ജ്യോതിനാഥ് ഐ.എ.എസ്, മൃഗസംരക്ഷണ വകുപ്പ് ഡയരക്ടർ ഡോ.എ കൗശിഗൻ ഐ.എ.എസ്, മിൽമ എം.ഡി ആസിഫ് കെ.യൂസഫ് ഐ.എ.എസ്, കേരള ഫീഡ്സ് ചെയർമാൻ കെ. ശ്രീകുമാർ, കെ.എൽ.ഡി.ബി എം.ഡി ഡോ. ആർ.രാജീവ്, വെറ്ററിനറി യൂണിവേഴ്സിറ്റിയുടെ ന്യൂട്രീഷൻ വിഭാഗം മേധാവി പ്രൊഫ.(ഡോ.) അല്ലി .കെ, മൃഗസംരക്ഷണ വകുപ്പ് എസ്.എൽ.ബി.പി അഡീഷണൽ ഡയരക്ടർ ഡോ. ജിജിമോൻ ജോസഫ്, ഡോ. അജിത് എം.ജി, ക്ഷീര വികസന വകുപ്പ് ജോയിന്റ് ഡയരക്ടർ ശാലിനി ഗോപിനാഥ്, കോശി അലക്സ് തുടങ്ങിയവർ പങ്കെടുത്തു. കേരള ഫീഡ്സ് എ.ജി.എം ഉഷ പത്മനാഭൻ നന്ദി പറഞ്ഞു.




കേരള ഫീഡ്സിന്റെ പ്രത്യേക സെമിനാർ എറണാകുളം ബോൾഗാട്ടി പാലസിൽ വച്ച് ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന മന്ത്രി ജെ.ചിഞ്ചുറാണി

# 'സഹകരണ പെൻഷൻകാരുടെ നിർത്തലാക്കിയ ക്ഷാമബത്ത പുനഃസ്ഥാപിക്കാത്ത അധികൃതരുടെ നടപടിക്കെതിരേ സമരപരിപാടികളുമായി മുന്നോട്ടു പോകും'

മലപ്പുറം: സഹകരണ പെൻഷൻകാരുടെ ക്ഷാമബത്ത നിർത്തൽ ചെയ്ത നടപടി, കേരളത്തിൽ ഏറ്റവും ചുരുങ്ങിയ പെൻഷൻ ലഭിക്കുന്ന സഹകരണ പെൻഷൻകാരോട് സർക്കാർ ചെയ്ത കടുത്ത അനീതിയാണെന്നും നിർത്തലാക്കിയ ക്ഷാമബത്ത പുനഃസ്ഥാപിക്കുവാൻ കേരള കോ-ഓപ്പറേറ്റീവ് പെൻഷനേഴ്സ് ഓർഗനൈസേഷൻ സെക്രട്ടേറിയറ്റിനു മുമ്പിൽ ധർണ്ണ നടത്തുമെന്നും, നിർത്തൽ ചെയ്ത ക്ഷാമബത്ത പുനഃസ്ഥാപിക്കണമെന്ന കേരള ഹൈക്കോടതി വിധി നടപ്പിലാക്കാത്ത പെൻഷൻ ബോർഡിന്റെ നിലപാടിൽ ശക്തമായ സമരപരിപാടികളുമായി സംഘടന മുന്നോട്ടുപോകുമെന്നും സംസ്ഥാന പ്രസിഡന്റ് പി. ഉബൈദുള്ള എം.എൽ.എ പറഞ്ഞു. സംസ്ഥാന പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. സഹകരണ പെൻഷൻ പരിഷ്കരണം കാലതാമസം ഇല്ലാതെ നടപ്പിലാക്കണമെന്നും സഹകരണ മേഖലയിലെ പെൻഷൻകാർക്കും സർക്കാർ പെൻഷൻകാർക്കും നൽകുന്ന ആനുകൂല്യങ്ങൾ നടപ്പിലാക്കണമെന്നും പി. ഉബൈദുള്ള എം.എൽ.എ സർക്കാരിനോട് ആവശ്യപ്പെട്ടു. സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് അഡ്വ. കെ.പി മോയിൻ അധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി മുസ്തഫ പാക്കത്ത്, കാവനൂർ മുഹമ്മദ്, എൻ.കെ ജയരാജൻ, പി. ബാപ്പുട്ടി, മജീദ് അമ്പലക്കണ്ടി, എ.ടി ഷൗക്കത്തലി, അബ്ദുസ്സലാം പേരയിൽ, മൊയ്തീൻ മൂപ്പൻ, ഹംസ കെ.പി.ഇ, അബ്ദുസമദ്, പി .ഉമ്മർ ,സി. ടി. ഗോപാലൻ, സി.ടി ഇബ്രാഹിം, വി.പി അബൂ, കെ. ഹുസൈൻ, പി. എം വഹീദ , വി.കെ ഐശോമ എന്നിവർ സംസാരിച്ചു. തിരൂർ താലൂക്കിലെ മരണപ്പെട്ട മെമ്പർ ടി. അബ്ദുൽ ജബ്ബാറിന് യോഗം അനുശോചനം രേഖപ്പെടുത്തി. സംഘടനയുടെ പത്താം വാർഷികം വിപുലമായ പരിപാടികളോടെ നടത്തുവാനും ജില്ലാ കൺവെൻഷനുകളും താലൂക്ക് കൺവെൻഷനുകളും ചേരുവാൻ തീരുമാനിച്ചു. പുതിയ അംഗങ്ങളായ മജീദ് അമ്പലക്കണ്ടി, കെ.ടി. ഹനീഫ, സി.ടി ഗോപാലൻ എന്നിവർക്ക് പി. ഉബൈദുള്ള എം.എൽ.എ. മെമ്പർഷിപ്പ് നൽകി. ഈ വർഷത്തെ ഹജ്ജ് കർമ്മം നിർവഹിക്കുന്നതിനായി പോകുന്ന മെമ്പർമാരായ എ.ടി .ഷൗക്കത്തലി, ഇബ്രാഹിം പനമരം ,ഹനീഫ പെരിഞ്ചിരി എന്നിവർക്ക് സമുചിതമായ യാത്രയയപ്പ് നൽകി.




കേരള കോ-ഓപറേറ്റീവ് പെൻഷനേഴ്സ് ഓർഗനൈസേഷൻ പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന പി. ഉബൈദുള്ള എം.എൽ.എ




കോഴിക്കോട് ആസ്റ്റർ മിംസിൽ നവീകരിച്ച ക്രിട്ടിക്കൽ കെയർ മെഡിസിൻ വിഭാഗം നടൻ നിർമ്മൽ പാലാഴി ഉദ്ഘാടനം ചെയ്തപ്പോൾ

# കോഴിക്കോട് ആസ്റ്റർ മിംസിൽ നവീകരിച്ച ക്രിട്ടിക്കൽ കെയർ മെഡിസിൻ വിഭാഗം ഉദ്ഘാടനം ചെയ്തു

കോഴിക്കോട്: ലോകോത്തര നിലവാരമുള്ള എക്മോ സേവനവും വിപുലമായ ടോക്സിക്കോളജി പരിശോധനാ സംവിധാനവും കോഴിക്കോട് ആസ്റ്റർ മിംസിൽ പ്രശസ്ത സിനിമാതാരം നിർമ്മൽ പാലാഴി ഉദ്ഘാടനം ചെയ്തു. കേരളത്തിലെ ഏറ്റവും വലിയ ക്രിട്ടിക്കൽ കെയർ വിഭാഗമാണ് ഇതോടെ കോഴിക്കോട് ആസ്റ്റർ മിംസിൽ പ്രവർത്തന ആരംഭിച്ചത്. അമിതമായ തോതിലുള്ള മരുന്ന്, കീടനാശിനികൾ എന്നിവ കൊണ്ടുണ്ടാകുന്ന വിഷബാധ, പാമ്പ് കടി ഉൾപ്പെടെയുള്ള വിഷജന്തുക്കളുടെ കടിയേറ്റാലുള്ള ചികിത്സ എന്നിവ സമന്വയിപ്പിക്കുന്ന ടോക്സിക്കോളജി പരിശോധനാ സംവിധാനവും ഉൾപ്പെടുന്ന 40ഓളം ബെഡ്ഡുകൾ ക്രിട്ടിക്കൽകെയർ മെഡിസിനൽ മാത്രമായി സജ്ജീകരിച്ചിട്ടുണ്ട്.

ക്രിട്ടിക്കൽ കെയർ മെഡിസിനിൽ കേരളത്തിലെ ഏറ്റവും ശ്രദ്ധേയരായ ഡോക്ടർമാരുടെ നേതൃത്വം, ലെവൽ 1 ട്രോമകെയർ യൂണിറ്റ്, ഇന്റൻസിവിസ്റ്റുകളുടെ മുഴുവൻ സമയസേവനം, വിദഗ്ധ പരിശീലനം സിദ്ധിച്ച നഴ്സുമാർ, റെസ്പിറേറ്ററി തെറാപ്പിസ്റ്റുകൾ, ക്ലിനിക്കൽ മൈക്രോബയോളജിസ്റ്റ്, ക്ലിനിക്കൽ ന്യൂട്രിഷ്യനിസ്റ്റ്, ഫിസിയോതെറാപ്പിസ്റ്റ്, മെഡിക്കൽ സോഷ്യൽവർക്കർ എന്നിവരുൾപ്പെടുന്ന സപ്പോർട്ടിംഗ് സംവിധാനവും ഇതിന്റെ ഭാഗമയി കൂടെയുണ്ട്.

ഉദ്ഘാടന ചടങ്ങിൽ ആസ്റ്റർ ഡി.എം ഹെൽത്ത് കെയറിന്റെ നോർത്ത് കേരള ക്രിട്ടിക്കൽ കെയർ ഡയരക്ടർ ഡോ. അനൂപ് കുമാർ എ.എസ്, അസോസിയേറ്റ് ഡയരക്ടർ ഡോ.ഗംഗാപ്രസാദ്, ആസ്റ്റർ മിംസ് ഡെപ്യൂട്ടി സി.എം.എസ് ഡോ. നൗഫൽ ബഷീർ, ആസ്റ്റർ ലങ് കെയർ വിഭാഗം ഡയരക്ടർ ഡോ. മധു .കെ, ഗ്യാസ്ട്രോ എന്ററോളജി വിഭാഗം തലവൻ ഡോ. അനീഷ് കുമാർ, ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ലുക്മാൻ പൊന്മാടത്ത് തുടങ്ങിയവർ പങ്കെടുത്തു.




അഡ്വ. ഷെരീഫ് ഉള്ളത്ത് അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന എം.കെ രാഘവൻ എം.പി

# ഷെരീഫ് ഉള്ളത്ത് പ്രഥമ പുരസ്കാരം ടി. ശരത്ചന്ദ്ര പ്രസാദ് ഏറ്റുവാങ്ങി

കോഴിക്കോട്: പ്രമുഖ പരിസ്ഥിതി, സാംസ്കാരിക പ്രവർത്തകൻ ഷെരീഫ് ഉള്ളത്ത് പ്രഥമ പുരസ്കാരം കെ.പി.സി.സി മുൻ ഉപാധ്യക്ഷൻ ടി. ശരത് ചന്ദ്രപ്രസാദ് മാതൃഭൂമി ചെയർമാനും മാനേജിങ് എഡിറ്ററുമായ പി.വി ചന്ദ്രനിൽ നിന്നും ഏറ്റുവാങ്ങി. അനുസ്മരണ സമ്മേളനം എം.കെ രാഘവൻ എം.പി ഉദ്ഘാടനം ചെയ്തു. നിസ്വാർത്ഥ സേവകനായ ശരത് ചന്ദ്രപ്രസാദിൽ നിന്നും പൊതുസമൂഹത്തിനും കോൺഗ്രസ് പ്രസ്ഥാനത്തിനും ഇനിയുമേറെ കാലം സേവനങ്ങൾ ലഭ്യമാകട്ടെയെന്ന് അദ്ദേഹം ഉദ്ഘാടന പ്രസംഗത്തിൽ അഭിപ്രായപ്പെട്ടു.

കെ.പി.സി.സി ജനറൽ സെക്രട്ടറി പി.എം നിയാസ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. മലയാള മനോരമ അസിസ്റ്റന്റ് എഡിറ്റർ കെ.എഫ് ജോർജ്ജ് അനുസ്മരണ പ്രഭാഷണം നടത്തി. ഉന്നത വിജയികളെ കോഴിക്കോട് നാരായണൻ നായർ അനുമോദിച്ചു. ഐ. മൂസ, ജഗത് മയൻ ചന്ദ്രപുരി, എം.എൻ ഗിരി, കാവിൽ പി. മാധവൻ, അയൂബ് മേലേടത്ത്, രാജേഷ് നടവയൽ, നൗഷാദ് പരുന്തൻ, സി.പി കുഞ്ഞാലൻ, ഷാനവാസ് കളത്തിൻപടി, സി. കുഞ്ഞാപ്പ റഹ്മാൻ, പൂവച്ചൽ സുധീർ തുടങ്ങിയവർ സംസാരിച്ചു.


# നിർമിതബുദ്ധി ശിൽപശാല 14ന്

കോഴിക്കോട്: പത്രപ്രവർത്തനമേഖലയിൽ നിർമിതബുദ്ധിയും മെഷീൻ ലേണിങ്ങും അടക്കമുള്ള സാങ്കേതിക വിദ്യകളുടെ ഉപയോഗം സംബന്ധിച്ച് കേരള മീഡിയ അക്കാദമി കോഴിക്കോട് പ്രസ് ക്ലബുമായി ചേർന്ന് സംഘടിപ്പിക്കുന്ന ഏകദിന ശിൽപശാല 14ന് രാവിലെ 10 മുതൽ കോഴിക്കോട് കാലിക്കറ്റ് ടവർ ഹോട്ടലിൽ നടക്കും. മാതൃഭൂമി മീഡിയ സ്കൂളിന്റെ സഹകരണമുള്ള ശിൽപശാല ഡിജിറ്റൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. സജി ഗോപിനാഥ് ഉദ്ഘാടനം ചെയ്യും.

കേരള മീഡിയ അക്കാദമി ചെയർമാൻ ആർ.എസ് ബാബു അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ അക്കാദമി വൈസ് ചെയർമാൻ ഇ.എസ് സുഭാഷ്, കെ.യു.ഡബ്ല്യൂ.ജെ സെക്രട്ടറി അഞ്ജന ശശി, കാലിക്കറ്റ് പ്രസ് ക്ലബ് പ്രസിഡന്റ് ഫിറോസ് ഖാൻ, പ്രസ് ക്ലബ് സെക്രട്ടറി പി.എസ് രാകേഷ്, കേരള മീഡിയ അക്കാദമി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്യൂണിക്കേഷൻ കോഴ്സ് ഡയരക്ടർ കെ.രാജഗോപാൽ എന്നിവർ സംസാരിക്കും. തുടർന്ന് വിദഗ്ധർ ക്ലാസുകൾ നയിക്കും.

# തീറ്റപ്പുല്ല് വിൽപനയ്ക്ക്

തിരുവനന്തപുരം പാറശ്ശാല ആടു വളർത്തൽ കേന്ദ്രത്തിൽ നിന്നും മേൽത്തരം തീറ്റപ്പുല്ല് ലഭിക്കും. CO 3, CO 5 ഇനത്തിൽപ്പെട്ട പുല്ല് കിലോയ്ക്ക് അഞ്ച് രൂപാ നിരക്കിലാണ് ലഭ്യമാകുക. ആവശ്യമുള്ളവർ 04712202822, 9446592483 എന്ന ഫോൺ നമ്പറുകളിൽ ബന്ധപ്പെടേണ്ടതാണ്.



മലബാർ ജില്ലകളിലെ ഹയർസെക്കൻഡറി സീറ്റ് അപര്യാപ്തതക്കെതിരേ എം.എസ്.എഫ് തലശ്ശേരി മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ മുനിസിപ്പൽ സ്റ്റേഡിയം പരിസരത്ത് റോഡ് ഉപരോധിച്ചപ്പോൾ

# മലബാർ സ്തംഭന സമരം നടത്തി

തലശ്ശേരി: മലബാർ ജില്ലകളിലെ ഹയർസെക്കൻഡറി സീറ്റ് അപര്യാപ്തതക്കെതിരേ എം.എസ്.എഫ് സംസ്ഥാന കമ്മിറ്റിയുടെ ആഹ്വാന പ്രകാരം എം.എസ്.എഫ് തലശ്ശേരി മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ മുനിസിപ്പൽ സ്റ്റേഡിയം പരിസരത്ത് റോഡ് ഉപരോധിച്ചു. എം.എസ്.എഫ് കണ്ണൂർ ജില്ലാ ട്രഷറർ സാദിഖ് പാറാട് ഉദ്ഘാടനം ചെയ്തു. മുസ്ലിം യൂത്ത് ലീഗ് ജില്ലാ സെക്രട്ടറി തസ്ലിം ചേറ്റംകുന്ന്, മണ്ഡലം ഉപാധ്യക്ഷൻ അഫ്സൽ മട്ടാമ്പ്രം എന്നിവർ സംസാരിച്ചു. എം.എസ്.എഫ് ജില്ലാ ഉപാധ്യക്ഷൻ ഷഹബാസ് കായ്യത്ത്, മണ്ഡലം പ്രസിഡന്റ് മുഹമ്മദ് സാഹിദ്, ജന.സെക്രട്ടറി സഫ്വാൻ മേക്കുന്ന് എന്നിവർ നേതൃത്വം നൽകി. ജില്ലാ, മണ്ഡലം നേതാക്കളെയും പ്രവർത്തകരെയും പോലിസ് അറസ്റ്റ് ചെയ്ത് വിട്ടയച്ചു.

# കണ്ണമ്മുല റെസിഡൻസ് അസോസിയേഷൻ സ്നേഹ സായാഹ്നം സംഘടിപ്പിച്ചു

തിരുവനന്തപുരം: കണ്ണമ്മുല റെസിഡൻസ് അസോസിയേഷൻ സ്വാതന്ത്ര്യത്തിന്റെ 75ാം വാർഷികം പ്രമാണിച്ച് 'സ്നേഹ സായാഹ്നം 2023' സംഘടിപ്പിച്ചു. ബി.സന്ധ്യ ഐ.പി.എസ്, എസ് ഗോപകുമാർ ഐ.പി.എസ്, സി.കെ പൃഥ്വിരാജ്, ഹർഷ. ആർ, മിഥുൻ.യു, ഐശ്വര്യ ലക്ഷ്മി, ഡോ.രാമകൃഷ്ണൻപിള്ള, ഡോ. സുശീല ബി.നായർ, കെ.ജി.ബി നായർ, പി.ജി രമാദേവി, കെ. വേലപ്പൻപിള്ള, ഡോ. ശേഖർ, എൽ.കുര്യാക്കോസ്, വി. നാരായണൻ കുട്ടി, വിനോദ്കുമാർ എൻ.എസ്, പ്രേമചന്ദ്രൻ നായർ.കെ ഉൾപ്പെടെ 15 പേരെ ചടങ്ങിൽ മെമന്റോയും പൊന്നാടയും നൽകി ആദരിച്ചു. തുടർന്ന് സ്നേഹവിരുന്നും ഗാനമേളയും നടത്തി. അസോസിയേഷൻ പ്രസിഡന്റ് സി.സുരേഷ് ബാബു, സെക്രട്ടറി അഡ്വ.സന്തോഷ്കുമാർ, മോഹനകുമാരൻ നായർ, ജയചന്ദ്രൻ എന്നിവരും എക്സിക്യൂട്ടീവ് അംഗങ്ങളും പരിപാടിക്ക് നേതൃത്വം നൽകി.



'സ്നേഹ സായാഹ്നം 2023' പരിപാടിയിൽ നിന്ന്

# ചിക്കൻ വ്യാപാരികളുടെ ത്രിദിന സമരത്തിന് നാളെ ആരംഭം

കോഴിക്കോട്: കോഴി വില വർധന പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് കേരള സംസ്ഥാന ചിക്കൻ വ്യാപാരി സമിതി 14 മുതൽ 16 വരെ കടയടപ്പ് സമരം നടത്തുമെന്ന് ജില്ലാ ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. കൃത്രിമ വിലക്കയറ്റം സൃഷ്ടിക്കുന്ന കുത്തക കോഴി ഫാം മാഫിയയ്ക്കെതിരേ സർക്കാർ കർശന നടപടി സ്വീകരിക്കണം. ട്രോളിങ് നിരോധനവും ബക്രീദും മുൻകൂട്ടി കണ്ടാണ് കൃത്രിമക്ഷാമം ഉണ്ടാക്കുന്നത്. ഉപജീവനത്തിന് വേണ്ടി കച്ചവടം നടത്തുന്ന ചിക്കൻ വ്യാപാരികളെയും പൊതുജനങ്ങളെയും കൊള്ളയടിക്കുന്ന നടപടി ഫാം ഉടമകൾ അവസാനിപ്പിക്കണം. സംസ്ഥാന ട്രഷറർ കെ.വി റഷീദ്, ജില്ലാ സെക്രട്ടറി മുസ്തഫ കിണാശ്ശേരി, ആക്ടിങ് സെക്രട്ടറി ഫിറോസ് പൊക്കുന്ന്, ട്രഷറർ സി.കെ അബ്ദുറഹ്മാൻ പങ്കെടുത്തു.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.